*Ref.*MIN01/OVC/260819 *Date:*19/10/2026

# ദാറുൽഹുദാ സെക്കന്ററി & സീനിയർ സെക്കന്ററി എജുക്കേഷൻ ബോർഡ് മീറ്റിംഗ്

**പങ്കെടുത്തവർ**

- യു. മുഹമ്മദ് ശാഫി ഹാജി
- ഡോ. റഫീഖ് ഹുദവി
- പി.കെ അബ്ദുന്നാസിർ ഹുദവി
- ഫൈസൽ ഹുദവി. കെ
- അബ്ദുല്ല ഹുദവി. എം
- ഡോ. മുഹമ്മദ് ഇസ്മാഈൽ ഹുദവി
- ശിയാസ് അഹ്മദ് ഹുദവി
- ഡോ. മുഹമ്മദ് നൗഫൽ ഹുദവി മേലാറ്റൂർ
- അമീറലി. പി.സി കുന്നുംപുറം
- ഡോ. മുഈൻ ഹുദവി ഓമച്ചപ്പുഴ
- മുബശ്ശിർ ഹുദവി വളാഞ്ചേരി
- മുഹമ്മദ് ബാസിത്ത് ഹുദവി കരിങ്കല്ലത്താണി
- ഉനൈസ് ഹുദവി ചെമ്മാട്
- ശഫീഖ് ഹുദവി കാരക്കുന്ന്
- മുഹമ്മദ് അഫ്സൽ ഹുദവി മാതാപുഴ

## ആമുഖം

ദാറുൽഹുദാ സെക്കന്ററി-സീനിയർ സെക്കന്ററി എജ്യുക്കേഷൻ ബോർഡ് യോഗം 09-08-2026 ഞായറാഴ്ച കാലത്ത് 10 മണി മുതൽ 1.30 വരെ ദാറുൽഹുദാ മീറ്റിങ്ങ് ഹാളിൽ ചേർന്നു. ദാറുൽഹുദാ ജനറൽ സെക്രട്ടറി യു. ശാഫി ഹാജി ചെമ്മാട് അധ്യക്ഷത വഹിച്ചു ഡോ ഇസ്മാഈൽ ഹുദവി ദുആക്ക് നേതൃത്വം നൽകി. അക്കാദമിക് രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി ആമുഖ പ്രഭാഷണം നടത്തി.

രജിസ്ട്രാർ അവതരിപ്പിച്ച മുൻയോഗ തീരുമാനങ്ങൾ സഭ അംഗീകരിച്ചു. ഖുർആൻ പാരായണം മെച്ചപ്പെടുത്താൻ തയ്യാറാക്കിയിട്ടുള്ള തിലാവ കോഴ്സ് ഒരു വർഷം പൂർത്തിയായതും അധ്യാപകർക്ക് തഹ്സീനുൽ ഖിറാഅ കോഴ്സ് നടക്കുന്നതും കരിക്കുലം റിവിഷന് വേണ്ടി പ്രത്യേകം രണ്ട് പേരെ നിയമിച്ചതും ഉറുദു-ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ ഇന്റേൺഷിപ്പ് നടത്തുന്നതും മുൻവർഷ മീറ്റിങ്ങിന്റെ തുടർ നടപടികൾ വിശദീകരിക്കുന്നതിനിടയിൽ അദ്ദേഹം സൂചിപ്പിച്ചു.

സെക്കന്ററി & സീനിയർ സെക്കന്ററി അക്കാദമിക് കോഡിനേറ്റർ മുഹമ്മദ് അഫ്സൽ ഹുദവി കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ അവതരിപ്പിച്ചു.

## കരിക്കുലം കമ്മിറ്റികളുടെ നിർദേശങ്ങൾ

ദാറുൽഹുദാ വിദ്യാർഥികളുടെ ഖുർആൻ പാരായണം റെക്കോർഡ് ചെയ്ത് പൂർത്തിയാക്കുക. അതോടൊപ്പം ഖുർആൻ വിഷയങ്ങളുമായി ബന്ധപ്പെട്ട പോഡ്കാസ്റ്റുകൾ കൂടെ ഉണ്ടാകുന്നത് കൂടുതൽ ആകർഷകമാകുമെന്ന് ശിയാസ് ഹുദവി അഭിപ്രായപ്പെട്ടു. വിദ്യാർത്ഥികളുടെ ഖുർആൻ പാരായണം കൂടുതൽ മെച്ചപ്പെടുത്താൻ സ്ഥാപനങ്ങളിൽ ചുരുങ്ങിയ കാലത്തേക്കെങ്കിലും അംഗീകരിക്കപ്പെട്ട ഖാരിഇനെ നിയമിക്കണമെന്ന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാൻ തീരുമാനമായി.

Hidaya Nagar, Chemmad, P.B.3, P.O. Tirurangadi, Malappuram, Kerala, India, 676306
www.dhiu.in info@dhiu.in +91 494 2463155, 2460575, 2464502 9745460575

ഇസ്ലാമിക് ഹിസ്റ്ററി സെക്കന്ററി നാലാം ക്ലാസിലേക്ക് സീറ അടിസ്ഥാനമാക്കിയുള്ള പുതിയ ടെക്സ്റ്റ് ബുക്ക് തയ്യാറാക്കാൻ ആശിഖ് ഹുദവി പുതുപ്പറമ്പിനെ ചുമതലപ്പെടുത്തി. ഏഴാം ക്ലാസ് ആകുമ്പോഴേക്കും നരേറ്റീവ് ഹിസ്റ്ററി മുഴുവൻ ( ഓട്ടോമൻ ഹിസ്റ്ററി, മുസ്‌ലിം സ്പെയിൻ, മുസ്‌ലിം ഇന്ത്യൻ ഭരണകൂടങ്ങൾ) വിദ്യാർത്ഥികൾ കവർ ചെയ്യുന്ന രീതിയിലേക്ക് സിലബസ് മാറ്റുവാൻ തീരുമാനമായി. ഇസ്ലാമിക് ഹിസ്റ്ററിക്ക് മറ്റു വിഷയങ്ങളുടെ പോലെ പീര്യഡുകൾ നൽകേണ്ടതില്ലെന്നും വളരെ ചുരുങ്ങിയ സമയം കൊണ്ട് കൂടുതൽ ഏരിയകൾ കവർ ചെയ്യുന്ന രീതി നടപ്പിലാക്കണമെന്നും ഫൈസൽ ഹുദവി പരതക്കാട് അഭിപ്രായപ്പെട്ടു. കരിക്കുലത്തിൽ കോർ കോഴ്സുകളും മൈനർ കോഴ്സുകളും ആയി തരംതിരിക്കൽ അനിവാര്യമാണെന്ന് മുഈൻ ഹുദവി അഭിപ്രായപ്പെട്ടു.

നടപ്പു വർഷത്തെ ആദ്യ ടേമിലെ പരീക്ഷ മുതൽ അറബിക് ഫോർ ഓൾ പാഠപുസ്തകത്തിലുള്ള ഇസ്തിമാഅ് സെക്ഷനിൽ നിന്നും ചോദ്യങ്ങൾ പരീക്ഷയിൽ ഉൾപ്പെടുത്തിയത് യോഗത്തിൽ അറിയിച്ചു. രണ്ടാം ക്ലാസിലെ സ്വർഫ്, മൂന്നാം ക്ലാസിലെ തയ്സീറുൽ വിൽദാൻ എന്നിവയുടെ ഫോർമാറ്റിംഗ് റെഡിയാക്കാനും കൂടുതൽ എഫക്ടീവ് ആക്കുവാനും സെക്കന്ററി അഞ്ചാം വർഷം മുതൽ സിലബസിൽ ലിസണിങ് മോഡ്യൂൾ സെറ്റ് ചെയ്യുവാനും തീരുമാനമായി.

അൽഫിയയിൽ സീനിയർ സെക്കന്ററി ക്ലാസുകളിൽ ഫോക്കസ് ഏരിയകൾ ഫിക്സ് ചെയ്യാൻ തീരുമാനമായി. പ്രാധാന്യമില്ലാത്ത ഭാഗങ്ങൾ സിലബസിൽ നിലനിർത്തുന്നതോട് കൂടെ കാണാതെ പഠിക്കാനുള്ള ബൈത്തുകളും വളരെ കാര്യക്ഷമമായി പഠിക്കേണ്ട ഭാഗങ്ങളും ഫോക്കസ് ഏരിയകളിൽ ഉൾപ്പെടുത്തണം. പരീക്ഷയുടെ സമയത്ത് ഫോക്കസ് ഏരിയകൾ നിശ്ചയിച്ച് അറിയിക്കുന്ന രീതി സ്വീകരിക്കാമെന്നും ഓരോ ചാപ്റ്ററുകൾക്കും വെയിറ്റേജ് നൽകാമെന്നും യോഗം തീരുമാനിച്ചു. ഇസ്ലാമിക് സ്കോളർഷിപ്പ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രിയിൽ നൽകാവുന്ന വിഷയമായി അൽഫിയ മാറ്റാമെന്ന് രജിസ്ട്രാർ അഭിപ്രായപ്പെട്ടു. നിലവിൽ ഒന്നാം ക്ലാസിലെ നഹ്വിന്റെ പിരീഡുകൾ കുറക്കാവുന്നതാണെന്ന് ഇസ്മാഈൽ ഹുദവി ചെമ്മലശ്ശേരി അഭിപ്രായപ്പെട്ടു.

സിലബസ് വിഷയങ്ങളുടെ ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കാനുള്ള സമിതിയെ നിർണയിക്കുന്ന ചർച്ചകൾ കരിക്കുലം റിവ്യൂവിന് ശേഷം നടത്താമെന്ന് രജിസ്ട്രാർ അറിയിച്ചു. അധ്യാപകർക്ക് എല്ലാ വിഷയങ്ങളുടെയും റെക്കോർഡ് കോഴ്സുകൾ തയ്യാറാക്കുന്നത് ഉചിതമാവുമെന്ന് യോഗം വിലയിരുത്തി. സെക്കന്ററി ഒന്നാം ക്ലാസിലെ വിദ്യാർത്ഥികളിലെ ഗ്യാപ്പ് പരിഗണിക്കുകയും അത് പരിഹരിക്കുകയും ചെയ്യുന്ന രീതിയിൽ ബലി പെരുന്നാളിന് മുമ്പുള്ള സിലബസ് ക്രമീകരിക്കുക.

**ഭാഷാ പഠനം**

ചെറിയ ക്ലാസുകളിൽ നിർബന്ധമായും എക്സ്പേർട്ടുകൾ തന്നെ ഭാഷകൾ പഠിപ്പിക്കണമെന്ന് മുഈൻ ഹുദവി സൂചിപ്പിച്ചു. ലാംഗ്വേജ് പഠിപ്പിക്കുന്നതിൽ ദാറുൽഹുദാക്ക് ഒരു ലിങ്കിസ്റ്റിക് പോളിസി ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത നൗഫൽ ഹുദവി മേലാറ്റൂർ വിശദമായി അവതരിപ്പിച്ചു. ദാറുൽഹുദായുടെ കീഴിൽ കേരളത്തിൽ അറബി ഭാഷാ സെന്റർ തുടങ്ങണമെന്നും അതിനുള്ള ഏറ്റവും വലിയ അർഹത ദാറുൽഹുദാക്ക് തന്നെയാണെന്നും അദ്ദേഹം പറഞ്ഞു.

**കരിക്കുലം റിവിഷൻ**

സെക്കന്ററി ഓരോ സ്റ്റേജിലും ഓരോ ഫോക്കസ് ഏരിയകൾ ഫിക്സ് ചെയ്യാവുന്നതാണെന്ന് ഫൈസൽ ഹുദവി പരതക്കാട് നിർദ്ദേശിച്ചു. കരിക്കുലം റിവിഷന് മുമ്പ് കരിക്കുലം ഗ്രിഡ് തയ്യാറാക്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

തസ്വവ്വുഫ്, വിദ്യാർത്ഥികളുടെ ജീവിതത്തിന്റെ ഭാഗമാകുന്ന രീതിയിലുള്ള സംവിധാനങ്ങൾ കരിക്കുലത്തിൽ ഉണ്ടാവേണ്ടതിന്റെ ആവശ്യകത മുഈൻ ഹുദവി വിശദീകരിച്ചു. സ്ഥാപനത്തിൻറെ ശരിയായ ഗമനത്തിന് കൂടുതൽ ക്രിയാത്മകമായി ഇടപെടുന്ന അധ്യാപകരെ കൃത്യമായ നിരീക്ഷണം

നടത്തി തിരിച്ചറിയുകയും വേണ്ട പരിഗണന നൽകുകയും ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സോഷ്യൽ മീഡിയകളിൽ ഇൻഫ്ലുവൻസേഴ്സ് ആകുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥാപിതമായ സപ്പോർട്ട് സിസ്റ്റം ഉണ്ടാകണമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

സെക്കൻ്ററി സീനിയർ സെകൻ്ററി തലങ്ങളിൽ വിദ്യാർഥികൾക്ക് ഔദ്യോഗികമായി ദാറുൽഹുദാ കോഴ്സ് പൂർത്തിയാക്കാനുള്ള അവസരം ഉണ്ടാകുന്നത് നല്ലതാണെന്ന് യോഗം വിലയിരുത്തി.

നിലവിൽ സെക്കൻ്ററി കരിക്കുലത്തിൽ ഉള്ളടക്കം വളരെ കൂടുതലാണെന്ന് കരിക്കുലം ഡിസൈനർ ബാസിത് ഹുദവി അക്രഡിറ്റേഷൻ നിർദ്ദേശങ്ങളുടെ ഭാഗമായി വിശദീകരിച്ചു. തർബിയത്തുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അധ്യാപകർക്കും മറ്റു സ്ഥാപന ബന്ധുക്കൾക്കും prejudicial approach ഉള്ളതായി മുബഷിർ ഹുദവി വളാഞ്ചേരി സൂചിപ്പിച്ചു.

**ടാലൻ്റ് സേർച്ച് എക്സാം**

ദാറുൽഹുദാ ടാലൻറ് സേർച്ച് പരീക്ഷയുടെ റിപ്പോർട്ട് അഫ്സൽ ഹുദവി അവതരിപ്പിച്ചു. പരീക്ഷയുടെ രീതിയെയും നടത്തിപ്പിനെയും കുറിച്ച് നല്ല ഫീഡ്ബാക്ക് ലഭിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിൽ രണ്ട് ക്ലാസുകളിൽ പരീക്ഷ നടത്തണമെന്നും അദ്ദേഹം അറിയിച്ചു. മികച്ച പ്രകടനം നടത്തിയ വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന പരിഗണന സ്ഥാപനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കണം എന്ന് ഇസ്മാഈൽ ഹുദവി ചെമ്മലശ്ശേരി അഭിപ്രായപ്പെട്ടു.

**ദാറുൽഹുദാ അഡ്മിഷൻ ടെസ്റ്റ്**

നിലവിൽ സമസ്ത പൊതുപരീക്ഷ അഞ്ചാം ക്ലാസിൽ നിന്ന് മാറ്റിയതിനാൽ, സെക്കൻ്ററി അഡ്മിഷൻ യോഗ്യത നിബന്ധനകളിൽ സമസ്ത അഞ്ചാം ക്ലാസ് വിജയം എന്ന നിബന്ധനക്ക് പകരമായി, വയസ്സിൻ്റെ മാനദണ്ഡം  ദാറുൽഹുദായിൽ 12 വയസ്സും സഹസ്ഥാപനങ്ങളിൽ 12 വയസ്സും മൂന്ന് മാസവും എന്ന് നിശ്ചയിക്കാമെന്നും  അഡ്മിഷൻ പരീക്ഷയ്ക്കുള്ള വിശദമായ സിലബസ് തയ്യാറാക്കേണ്ടതുണ്ടെന്നും മാതൃകാ ചോദ്യങ്ങൾ പുറത്തിറക്കുന്നത് ഉചിതമാണെന്നും യോഗം വിലയിരുത്തി.

യു.ജി മാനേജ്മെൻ്റ് യോഗത്തിലെ നിർദേശ പ്രകാരം, ദാറുൽഹുദാ അഡ്മിഷൻ ടെസ്റ്റിൽ യോഗ്യത നേടിയവരിൽ നിന്ന് അതത് മാനേജ്മെൻ്റുകൾ റെക്കമെൻ്റ് ചെയ്യുന്നവരെ അഡ്മിഷന്  ഉൾപെടുത്തുന്നത് കൂടുതൽ ചർച്ചക്ക് വിധേയമാക്കാൻ ധാരണയായി.

**സെക്കൻ്ററി പൊതുപരീക്ഷ**

എസ്എസ്എൽസി, സെക്കൻ്ററി ഫൈനൽ വൈവ എന്നിവ കാരണത്താലുള്ള വിദ്യാർഥികളുടെ സമ്മർദ്ദം കുറക്കാൻ സെക്കൻ്ററിയിലെ പൊതു പരീക്ഷ അഞ്ചാം ക്ലാസിൽ നിന്ന് മൂന്നോ നാലോ ക്ലാസിലേക്ക് മാറ്റുന്നത് ഉചിതമാകുമെന്ന് യോഗം വിലയിരുത്തി.
ഉനൈസ് ഹുദവി ചെമ്മാട്  നന്ദി അറിയിച്ചു.  ഉച്ചക്ക് ഒന്നരയോടെ യോഗം പിരിഞ്ഞു.

Prepared by:

**Dr. Rafeeq Hudawi Karimpanackal**
**Registrar (Academic Affairs)**

DARUL HUDA ISLAMIC UNIVERSITY
KERALA INDIA
CHEMMAD

Approved by:

**Vice Chancellor**
**Darul Huda Islamic University**